സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 3 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ആരുമായും സഖ്യത്തിനില്ല: മമത ബാനർജി




കൊൽക്കൊത്ത: ബംഗാളിൽ ഉപതിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നതിന് പിന്നാലെ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് ഒറ്റയ്ക്ക് മത്സരിക്കുമെന്നും ജനങ്ങളുടെ മാത്രം പിന്തുണ മതിയെന്നും ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പ്രഖ്യാപിച്ചു. കോൺഗ്രസിനും സി.പി.ഐ.എ.മ്മിനും ബി.ജെ.പിയുമായി 'അവിശുദ്ധ' കൂട്ടുകെട്ടുണ്ടെന്നും മമത ആരോപിച്ചു. 'അവിശുദ്ധ സഖ്യം നിലനിൽക്കുമ്പോൾ ഇടതുപക്ഷത്തിനും കോൺഗ്രസിനും ബി.ജെ.പിക്കെതിരേ പോരാടാനാവില്ല. കോൺഗ്രസും സി.പി.ഐ.എമ്മും ബി.ജെ.പിക്കെതിരായ ശക്തികളാണെന്ന് എങ്ങനെ പറയും. ബി.ജെ.പിക്കെതിരായ പോരാട്ടത്തിൽ കോൺഗ്രസുമായോ സി.പി.ഐ.എമ്മുമായോ കൈകോർക്കാനാവില്ല. 2024 ൽ തൃണമൂൽ കോൺഗ്രസും ജനങ്ങളും തമ്മിലുള്ള ഒരു സഖ്യമാണ് മുന്നിൽ കാണുന്നത്. ഒരു രാഷ്ട്രീയ കക്ഷിയുമായും ചേർന്ന് മുന്നേറാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ജനപിന്തുണയോടെ ഞങ്ങൾ ഒറ്റക്ക് പോരാടും' മമത പറഞ്ഞു. കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം ഒന്നിച്ചു നിന്നാൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ നൂറിൽ താഴെ സീറ്റുകളിൽ ഒതുക്കാമെന്ന് കഴിഞ്ഞ ദിവസം ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ പറഞ്ഞിരുന്നു. പിന്നാലെയാണ് പ്രതിപക്ഷ നിരയിലെ ശക്തമായ സാന്നിധ്യമായ മമത എല്ലാ സഖ്യ ശ്രമങ്ങളിൽനിന്നും പിന്മാറിയിരിക്കുന്നത്. സഖ്യത്തിനില്ലെന്ന മമത ബാനർജിയുടെ പ്രഖ്യാപനം പ്രതിപക്ഷ ഐക്യനീക്കങ്ങൾക്ക് തുടക്കത്തിലേ തിരിച്ചടിയായി.

## ചൂട് കൂടുന്നു, സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞു



തിരുവനന്തപുരം: കേരളത്തിൽ ചൂട് കൂടുന്നു. ചൂട് വർധിച്ചതോടെ ജലക്ഷാമം രൂക്ഷമാകുമെന്ന മുന്നറിയിപ്പുമായി സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ ശാസ്ത്രജ്ഞർ. വരും ദിവസങ്ങളിൽ മഴ കിട്ടിയില്ലെങ്കിൽ ജല സ്രോതസ്സുകളിലെ ജലനിരപ്പ് വലിയ തോതിൽ താഴുമെന്നാണ് മുന്നറിയിപ്പ്. ഒരു വർഷം കിട്ടേണ്ട മഴയുടെ അളവിൽ മാറ്റമുണ്ടായിട്ടില്ലെങ്കിലും മഴ കിട്ടുന്ന കാലയളവ് കാലാവസ്ഥാ വ്യതിയാനം മൂലം കുറഞ്ഞതാണ് പ്രതിസന്ധിയായത്. എങ്കിലും വേനൽമഴ കാര്യമായി കിട്ടിയാൽ പ്രശ്നങ്ങളുണ്ടാവില്ലെന്നാണ് കണക്കുകൂട്ടൽ. സംസ്ഥാനത്തിന്റെ പല ജില്ലകളിലും ഭൂഗർഭ ജലത്തിന്റെ അളവും കുറഞ്ഞിട്ടുണ്ട്. ഭൂഗർഭ ജലനിരപ്പ് ഏറെ താഴ്ന്ന കാസർക്കോട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ചില സ്ഥലങ്ങളെ ക്രിട്ടക്കൽ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടങ്ങളിൽ ജല വിനിയോഗത്തിൽ കടുത്ത നിയന്ത്രണം വേണ്ടി വരുമെന്നാണ് മുന്നറിയിപ്പ്. കഴിഞ്ഞ ഒരു മാസത്തെ കണക്കെടുത്താൽ അന്തരീക്ഷ താപ നില കഴിഞ്ഞ വർഷത്തെക്കാൾ ഉയർന്ന് നിൽക്കുകയാണ്. പാലക്കാട് ജില്ലയിൽ രാത്രി കാലത്തെ താപനിലയിൽ 2.9 ഡിഗ്രിയുടെ വർധന വരെ ഉണ്ടായി. കൊച്ചി, കൊല്ലം, തൃശൂർ ജില്ലകളിൽ മാത്രമാണ് ചൂട് കഴിഞ്ഞ തവണത്തേക്കാൾ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മഴയുടെ കുറവ് ജല സ്രോതസുകളെ കാര്യമായി ബാധിക്കും.

## ഡൽഹി ഇന്ദ്രപ്രസ്ഥം ആക്കണം: പുനർനാമകരണം ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ



ന്യൂഡൽഹി: വിദേശ ആധിപത്യകാലത്തെ ആയിരം സ്ഥലങ്ങൾ പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നേരത്തേ സുപ്രീം കോടതിയുടെ വിമർശനം ഏറ്റുവാങ്ങിയ ഹർജിക്കാരൻ വീണ്ടും ഇതേ ആവശ്യവുമായി രംഗത്ത്. ഇത്തവണ സ്ഥലങ്ങളുടെ പുനർനാമകരണം ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കുമാണ് ഇയാൾ അപേക്ഷ സമർപ്പിച്ചത്.

വിദേശ ആധിപത്യക്കാലത്തെ ആയിരം സ്ഥലങ്ങൾ പുനർനാമകരണം ചെയ്യുന്നതിനായി കമ്മീഷൻ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ടാണ് അപേക്ഷ. ഡൽഹിയുടെ പേര് ഇന്ദ്രപ്രസ്ഥം എന്നാക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. നേരത്തെ ഈ ഹർജി കടുത്ത വിമർശനത്തോടെ സുപ്രീം കോടതി തള്ളിയിരുന്നു.ഹർജി വഴി പുതിയ തലമുറയുടെ നേരെ ഭാരം ചുമത്താനാണ് ശ്രമമെന്ന് ഡിവിഷൻ ബെഞ്ചിലുണ്ടായിരുന്ന ജസ്റ്റിസ് നാഗരത്ന നിരീക്ഷിച്ചു.

ഹർജിക്കാരന് കോടതി മുന്നറിയിപ്പും നൽകിയിരുന്നു. ബി.ജെ.പി നേതാവ് ആശ്വനി കുമാർ ഉപാധ്യായ ആണ് അപേക്ഷ നൽകിയത്. ഹർജിക്കാരനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചാണ് ഹർജി സുപ്രീം കോടതി തള്ളിയത്. ഇന്ത്യ മതേതര രാജ്യമെന്ന് ഓർക്കണമെന്നാണ് ഹർജിക്കാരനോട് സുപ്രീം കോടതി പറഞ്ഞത്. ഹർജി വിരൽ ചൂണ്ടുന്നത് ഒരു സമൂഹത്തിന് നേരെയാണ്. ഇത് ക്രൂരമാണ്. രാജ്യം വീണ്ടും തിളച്ച് മറിയണമെന്ന് ആഗ്രഹിക്കുന്നുണ്ടോയെന്നും ഹർജി പരിഗണിച്ച സുപ്രീം കോടതി ജസ്റ്റിസ് കെ.എം ജോസഫ് ഹർജിക്കാരനോട് ചോദിച്ചിരുന്നു.

## ബി.ജെ.പി കേരളത്തിലും സർക്കാരുണ്ടാക്കും: മോദി

ന്യൂഡൽഹി: വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ജനങ്ങൾ ബി.ജെ.പിയെ ഭയക്കുന്നില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മേഘാലയയിലും നാഗാലാൻഡിലും ബി.ജെ.പി സർക്കാരുണ്ടാക്കിയതുപോലെ കേരളത്തിലും സർക്കാരുണ്ടാക്കുമെന്നും ഒരു സംസ്ഥാനത്ത് ഗുസ്തി, ഒരിടത്ത് ദോസ്തി എന്ന നിലപാട് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങൾ ബി.ജെ.പിയെ ഭയക്കുന്നില്ല. ക്രിസ്ത്യൻ സഹോദരങ്ങൾ ബി.ജെ.പിക്കൊപ്പം നിന്നു. ഡൽഹിയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളുമായുള്ള അകലം കുറയുന്നു. പുതിയ ചരിത്രം സൃഷ്ടിക്കേണ്ട സമയമാണിത്. ഇനി വടക്കുകിഴക്കൻ മേഖലയുടെ സമാധാനം, സമൃദ്ധി, വികസനം എന്നിവയുടെ കാലമാണ്. ത്രിപുര, നാഗാലാൻഡ്, മേഘാലയ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഒപ്പം മൂന്നു സംസ്ഥാനങ്ങളിലേയും ബി.ജെ.പി പ്രവർത്തകരെ അഭിനന്ദിക്കുന്നു.





വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ ഫലപ്രഖ്യാപനത്തിന് ശേഷം ബി.ജെ.പി ദേശീയ ആസ്ഥാനത്തെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പൂമാല അണിയിക്കുന്ന കേന്ദ്ര മന്ത്രി അമിത്ഷായും ദേശീയ അധ്യക്ഷൻ ജെ.പി നദ്ദയും

വടക്കുകിഴക്കൻ മേഖലയിൽ പ്രവർത്തനം അത്ര എളുപ്പമല്ല, അതിനാൽ അവർക്ക് പ്രത്യേക നന്ദിയും പറയുന്നു' പ്രധാനമന്ത്രി പറഞ്ഞു. ഇന്നത്തെ വിജയം ജനാധിപത്യത്തിലുള്ള വിശ്വാസം തെളിയിക്കുന്നതാണ്. മികച്ച ഭരണമാണ് വിജയത്തിന് അടിത്തറ പാകിയതെന്നും മോദി പറഞ്ഞു. മോദി മരിക്കട്ടെ എന്നാണ് ചിലർ പറയുന്നത്, എന്നാൽ മോദി പോവല്ലേ എന്നാണ് ജനം പറയുന്നത്. വിജയാഘോഷത്തിന്റെ ഭാഗമായി മൊബൈൽ ടോർച്ച് തെളിയിക്കാനും മോദി ആഹ്വാനം ചെയ്തു. ദില്ലിയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളും തമ്മിൽ പാലം പണിയാനായി, ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസം വ്യക്തമാക്കുന്നതാണ് തെരഞ്ഞെടുപ്പ് ഫലമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത് മാറ്റത്തിന്റെ സമയമാണെന്ന് പറഞ്ഞ മോദി, ബി.ജെ.പിയെ തെരഞ്ഞെടുത്ത എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. ക്രിസ്ത്യൻ വിഭാഗങ്ങൾ ഒപ്പമുണ്ട്. നാഗാലാൻഡിലും മേഘാലയയിലും ക്രിസ്ത്യൻ വിഭാഗങ്ങളുടെ വോട്ടും ബി.ജെ.പിക്ക് ലഭിച്ചുവെന്നും നരേന്ദ്ര മോദി കൂട്ടിച്ചേർത്തു. ചെറിയ സംസ്ഥാനങ്ങളോട് വിവേചനം കാണിക്കുന്നവർ എങ്ങനെ ഇന്ത്യയെ ഒന്നിപ്പിക്കുമെന്ന് ചോദിച്ച മോദി, പ്രതിപക്ഷത്തെ പരിഹസിച്ചു. ഇതുവരെ പ്രതിപക്ഷം ഇ.വി.എമ്മിനെ കുറ്റം പറയുന്നത് കണ്ടില്ലെന്നായിരുന്നു മോദിയുടെ വിമർശനം.

## ഐക്യരാഷ്ട്രസഭ പരിപാടിയിലെ പരാമർശങ്ങളിൽ വിശദീകരണവുമായി കൈലാസ അംബാസിഡർ മാ വിജയപ്രിയ

വാഷിംഗ്ടൺ: ലൈംഗികാതിക്രമവും പീഡനവും ആരോപിക്കപ്പെട്ടതിനെ തുടർന്ന് നാടുവിട്ട നിത്യാനന്ദയുടെ സ്വയം പ്രഖ്യാപിത രാജ്യമായ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് കൈലാസത്തിന്റ സ്ഥിരം അംബാസിഡർ മാ വിജയപ്രിയ നിത്യാനന്ദ ഐക്യരാഷ്ട്രസഭ പരിപാടിയിലെ പ്രസ്താവനയിൽ വിശദീകരണവുമായി രംഗത്ത്. ഐക്യരാഷ്ട്ര സഭാ യോഗത്തിൽ ഇന്ത്യ നിത്യാനന്ദയെ വേട്ടയാടുന്നുവെന്ന പരാതിയായിരുന്നു കൈലാസ പ്രതിനിധിയായി എത്തിയ വിജയപ്രിയ ഉന്നയിച്ചത്. പരമ്പരാഗത ഹൈന്ദവ സംസ്കാരവും പാരമ്പര്യവും ജീവിതശൈലിയും പുനരുജ്ജീവിപ്പിക്കാനായി നിത്യാനന്ദ ശ്രമിക്കുകയാണെന്നും, എന്നാൽ മഹാഗുരുവായ നിത്യാനന്ദയെ ബലാത്സംഗക്കേസിൽ പ്രതിയാക്കി പീഡിപ്പിക്കപ്പെടുകയാണെന്നും ജന്മനാട്ടിൽ നിന്ന് നാടുകടത്തിയെന്നും അവർ ആരോപിച്ചിരുന്നു. ഇന്ത്യക്കെതിരായ പരാമർശങ്ങൾ തിരുത്തിയുള്ള വിശദീകരണമാണ് വിജയപ്രിയ ഇപ്പോൾ പ്രസ്താവനയിൽ നൽകിയിരിക്കുന്നത്. 'യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് കൈലാസ' ഇന്ത്യയെ ഉയർന്ന ബഹുമാനത്തോടെയാണ് കാണുന്നത്. ഭഗവാൻ നിത്യാനന്ദ പരമശിവത്തെ ജന്മനാട്ടിൽ ചില ഹിന്ദു വിരുദ്ധർ പീഡിപ്പിക്കുന്നുവെന്നാണ് ഞാൻ പ്രസ്താവിച്ചതെന്ന് വിശദീകരിക്കാൻ ആഗ്രഹിക്കുകയാണ്. കൈലാസ ഇന്ത്യയെ ഉന്നത സ്ഥാനത്ത് പരിഗണിക്കുകയും ഗുരുപീഠമായി ബഹുമാനിക്കുകയും ചെയ്യുന്നുവെന്നും വിജയപ്രിയ പ്രസ്താവനയിൽ പറഞ്ഞു.



ഇന്ത്യയിൽ നിരവധി ആശ്രമങ്ങൾ നടത്തിയിരുന്ന നിത്യാനന്ദയ്ക്കെതിരേ 2019 നവംബറിൽ ആശ്രമത്തിൽനിന്ന് കുട്ടികളെ തട്ടിക്കൊണ്ടുപോയെന്ന ആരോപണങ്ങൾ ഗുജറാത്ത് പോലിസ് അന്വേഷിക്കുന്നതിനിടെയാണ് ഒളിവിൽ പോയത്. തുടർന്ന് കൈലാസം എന്ന രാജ്യം സ്ഥാപിച്ച് സ്വന്തമായി നാണയവും പാസ്പോർട്ടും പുറത്തിറക്കി. എന്നാൽ, രാജ്യം ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. കൈലാസ രാജ്യത്തിന്റെ രാജാവായി നിത്യാനന്ദയെ പ്രഖ്യാപിച്ചിരുന്നു. ഫെബ്രുവരി 22ന് ചേർന്ന 19-ാമത് യുണൈറ്റഡ് നാഷൻസ് കമ്മിറ്റി സുസ്ഥിര വികസന യോഗത്തിലാണ് മാ വിജയപ്രിയ നിത്യാനന്ദ പങ്കെടുത്തത്. വിജയപ്രിയ 'കൈലാസത്തിൽ നിന്നുള്ള സ്ഥിരം അംബാസഡർ' ആണെന്നാണ് യുണൈറ്റഡ് നാഷൻസ് വെബ്സൈറ്റിൽ പറയുന്നത്. 2010-ൽ കർണാടക സെഷൻസ് കോടതി നിത്യാനന്ദക്കെതിരേ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ചിരുന്നു. മുൻ ഡ്രൈവർ ലെനിൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നിത്യാനന്ദയെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടു. 2020ൽ നിത്യാനന്ദ രാജ്യം വിട്ടെന്ന് ചൂണ്ടിക്കാട്ടി ലെനിൻ ഹർജി നൽകിയതോടെ ജാമ്യം റദ്ദാക്കി. 2022 ഒക്ടോബറിൽ ബ്രിട്ടീഷ് പാർലമെന്റിൽ ദീപാവലി ആഘോഷത്തിന് നിത്യാനന്ദയുടെ അനുയായികളിൽ ഒരാളായ നിത്യ ആത്മദയാനന്ദയെ ക്ഷണിച്ചത് വിവാദമായിരുന്നു. കൺസർവേറ്റീവ് എം.പി ബോബ് ബ്ലാക്ക്മാനും ഹൗസ് ഓഫ് ലോർഡ്സ് അംഗം റാമി റേഞ്ചറുമാണ് നിത്യയെ ക്ഷണിച്ചത്. ഇന്റർപോൾ നിത്യാനന്ദക്കെതിരേ ബ്ലൂ കോർണർ നോട്ടീസ് പുറപ്പെടുവിക്കാൻ വിസമ്മതിച്ചിരുന്നു.

## ബസുടമക്കെതിരെ നരഹത്യക്ക് കേസെടുക്കാനാകുമോ? വിശദപരിശോധനക്ക് സുപ്രിംകോടതി





ന്യൂഡൽഹി: 2002ൽ ഇടുക്കിയിൽ നടന്ന ബസ് അപകടവുമായി ബന്ധപ്പെട്ട കേസിൽ വിശദ പരിശോധനയ്ക്ക് സുപ്രീംകോടതി. അപകടത്തിൽ ബസുടമയ്ക്ക് എതിരേ നരഹത്യയ്ക്ക് കേസ് എടുക്കാനാകുമോ എന്നതിലാണ് സുപ്രീം കോടതി വിശദ പരിശോധന നടത്തുന്നത്. മാമലക്കണ്ടം കോതമംഗലം റൂട്ടിൽ ഓടിയിരുന്ന സ്വകാര്യ ബസ് ആ വർഷം ഡിസംബറിൽ അപകടത്തിൽ പെടുകയും അഞ്ച് പേർ മരിക്കുകയും ചെയ്തു.

63 പേർക്ക് പരുക്കേറ്റ അപകടത്തിൽ ബസ് ഡ്രൈവർ ജിനു സെബാറ്റിയൻ, ഉടമയായ അനിൽ സെബാറ്റിയൻ എന്നിവരെ ഒന്നും രണ്ടും പ്രതികളാക്കി പോലിസ് കേസ് എടുത്തു. ഇരുവരും സഹോദരങ്ങളുമാണ്. മനപൂർവ്വം അല്ലാത്ത നരഹത്യയാണ് കേസിൽ പ്രതികൾക്ക് എതിരേ ചുമത്തിയത്. കൂടാതെ ഒന്നാം പ്രതിയും ഡ്രൈവറുമായ ജിനുവിന് ബസ് ഓടിക്കാനുള്ള ലൈസൻസ് ഇല്ലെന്നും കണ്ടെത്തി. ഈക്കാര്യം ബസ് ഉടമയ്ക്ക് വ്യക്തമായിരുന്നുവെന്നും പോലിസ് കുറ്റപ്പത്രത്തിൽ വ്യക്തമാക്കി.

കേസിൽ തൊടുപുഴയിലെ വിചാരണക്കോടതി ഇരുവർക്കും അഞ്ച് വർഷം തടവ് വിധിച്ചു. ഇതിനെതിരായ അപ്പീൽ ഹൈക്കോടതിയും തള്ളി. തുടർന്നാണ് ഹർജിയുമായി ഇരുപ്രതികളും സുപ്രീം കോടതിയെ സമീപിച്ചത്. ലൈസൻസ് ഇല്ലെന്ന് കാര്യം മനസിലാക്കിയിട്ടും ബസ് ഓടിക്കാൻ നൽകി എന്നത് മാത്രം ചൂണ്ടിക്കാട്ടി ഉടമസ്ഥനെതിരേ സമാനക്കുറ്റം ചുമത്താനാകില്ലെന്ന് ഹർജിക്കാരനായി ഹാജരായ അഭിഭാഷകൻ ശ്രീറാം പറക്കാട്ട് വാദിച്ചു. മാത്രമല്ല അപകടം ആകസ്മികമായി സംഭവിച്ചതാണ് , ഇക്കാര്യത്തിൽ ഗൂഢാലോചനയില്ല, കൂടാതെ അപകടം വരുത്തിവെക്കണമെന്ന പൊതു ഉദ്ദേശത്തോടെ ഇരുവരും പ്രവർത്തിച്ചിട്ടില്ലെന്നും അഭിഭാഷകൻ വാദിച്ചു.

ഈ സാഹചര്യത്തിൽ ഹൈക്കോടതി വിധി റദ്ദാക്കണമെന്നും ഹർജിക്കാരാനായി അഭിഭാഷകൻ ശ്രീറാം പറക്കാട്ട് വാദിച്ചു. വാദങ്ങൾ കണക്കിലെടുത്ത ജസ്റ്റിസ് കൃഷ്ണമുരാരി അധ്യക്ഷനായ ബെഞ്ച് രണ്ടാം പ്രതി അനിലിന് ശിക്ഷ വിധി റദ്ദാക്കണമെന്ന ഹർജിയിൽ തീർപ്പാക്കുന്നത് വരെ ജാമ്യം നൽകാൻ ഉത്തരവിട്ടു. മാത്രമല്ല കേസിൽ അനിലിനെതിരേ ചുമത്തിയ സമാനം കുറ്റം നിലനിൽക്കാനാകുമോ എന്നതും വിശദപരിശോധനയ്ക്കായി ഈ മാസം പതിമൂന്നിലേക്ക് മാറ്റി. ഹർജിക്കാരനുവേണ്ടി അഭിഭാഷകരായ ശ്രീറാം പറക്കാട്ട്, മുഹമ്മദ് സാദിഖ് ആലിം ആൻവർ എന്നിവർ ഹാജരായി.

## ശുഹൈബ് വധക്കേസിൽ കൊന്നവരെ മാത്രമല്ല കൊല്ലിച്ചവരേയും കണ്ടെത്തണം: വി.ഡി സതീശൻ

തിരുവനന്തപുരം: ശുഹൈബ് വധക്കേസിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നൽകാത്തതോടെ പ്രതിപക്ഷം സഭ വിട്ട് ഇറങ്ങിപ്പോയി. കേസിൽ തുടരന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയത്തിനാണ് സ്പീക്കർ അനുമതി നൽകാത്തത്. കേസിൽ കൊന്നവരെ മാത്രമല്ല കൊല്ലിച്ചവരേയും കണ്ടെത്തണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ആകാശ് തില്ലങ്കേരിയുടെ പുതിയ വെളിപ്പെടുത്തൽ അന്വേഷണ ഉദ്യോഗസ്ഥൻ അറിഞ്ഞിട്ടില്ല എന്നാണ് മുഖ്യമന്ത്രി സഭയിൽ പറയുന്നത്. ഇങ്ങനെയാണോ മുഖ്യമന്ത്രി സഭയിൽ മറുപടി പറയേണ്ടത്. വർഷങ്ങളായി ക്രിമിനൽ പ്രവർത്തനം നടത്തുന്ന ക്വട്ടേഷൻ സംഘത്തിലെ അംഗമാണ് ഇയാൾ. സി.പി.എം ആകാശിനെ ഒക്കത്ത് വെച്ച് നടക്കുകയായിരുന്നു. പുസ്തകം വായിക്കുന്ന പിള്ളേർക്കെതിരേ യു.എ.പി.എ കേസെടുക്കുന്ന സർക്കാർ ആണിത്. ഗൂഢാലോചനക്കാരെ സംരക്ഷിക്കാനാണ് സി.ബി.ഐ അന്വേഷണത്തെ സർക്കാർ എതിർത്തതെന്നും വി.ഡി സതീശൻ പറഞ്ഞു.

## തൊഴിലരങ്ങത്തേക്ക്; അപേക്ഷിച്ചത് 1,20,772 സ്ത്രീകൾ

തിരുവനന്തപുരം: അപേക്ഷകളിൽ എന്താണ് തൊഴിൽ എന്ന് ചോദിച്ചാൽ 'വീട്ടമ്മ' എന്ന പദവിയോട് താൽപ്പര്യമില്ലെന്ന് കേരളത്തിലെ സ്ത്രീകൾ. വേണ്ടത് വീട്ടമ്മ എന്ന പദവിയല്ല, മറിച്ച് ജോലിയാണെന്നും കുടുംബശ്രീയുടെ സർവേയിലൂടെ കണ്ടെത്തി. ഇതിനായി കുടുംബശ്രീ നടത്തിയ സർവേയാണ് ' തൊഴിലരങ്ങത്തേക്ക് ' എന്നത്. ഈ പദ്ധതിയിൽ 1,20,772 പേരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 19 വയസിനും 59 വയസിനും ഇടയിൽ പ്രായമായ സ്ത്രീകളിൽ വലിയ ഒരു ഭാഗം ആളുകളും ജോലിക്ക് പോകാൻ താൽപര്യമുള്ളവരാണെന്ന് കുടുംബശ്രീ വഴി നടത്തിയ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. 41 വയ



സിനു താഴെയുള്ളവരിൽ 21 ലക്ഷം സ്ത്രീകളാണ് ഉള്ളതെന്നും ഇതിൽ ഏഴ് ലക്ഷത്തോളം പേർ' ജോലിക്കായുള്ള പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും കുടുംബ ശ്രീ നടത്തിയ സർവേയിൽ പറയുന്നു. കുടുംബ ശ്രീ നടത്തിയ സർവേയിൽ സംസ്ഥാനത്ത് ജോലിയിൽ ഇടവേളയെടുത്തിരിക്കുന്നതിൽ അഞ്ച് ലക്ഷത്തോളം സ്ത്രീകളാണുള്ളതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതേസമയം ജോലി ഉപേക്ഷിച്ച് ആറ് മാസം മുതൽ ഒമ്പത് വർഷം വരെ എത്തിയവരും കേരള നോളേജ് ഇക്കണോമി മിഷന്റെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് റിപ്പോർട്ട്. തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ സ്ത്രീകൾക്കും 'തൊഴിലരങ്ങത്തേക്ക്' എന്ന പദ്ധതിയിലൂടെ ജോലി നൽകാനുള്ള ശ്രമത്തിലാണ് കേരള നോളേജ് ഇക്കണോമി മിഷൻ.

## ലൈഫ് മിഷൻ വിവാദം: മുഖ്യമന്ത്രിയുടെ വാദം അടിസ്ഥാനരഹിതമെന്ന് അനിൽ അക്കര

തൃശ്ശൂർ: വടക്കാഞ്ചേരി ലൈഫ് മിഷൻ വിവാദത്തിൽ അഴിമതിയുമായി ബന്ധമില്ലെന്ന് മുഖ്യമന്ത്രി പറയുന്നത് അടിസ്ഥാനരഹിതമാണെന്ന് മുൻ എം.എൽ.എയും കോൺഗ്രസ് നേതാവുമായ അനിൽ അക്കര. വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് നിർമാണത്തിന് വിദേശ സഹായം കൈപ്പറ്റാൻ തീരുമാനിച്ചത് മുഖ്യമന്ത്രി അധ്യക്ഷനായ യോഗത്തിലാണെന്നാണ് അനിൽ അക്കരയുടെ ആരോപണം.ലൈഫ് മിഷൻ വടക്കാഞ്ചേരി ഫ്ളാറ്റ് തട്ടിപ്പ് ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (എഫ്.സി.ആർ.എ) നിയമ ലംഘനം നൂറ് ശതമാനവും മുഖ്യമന്ത്രിയുടെ അറിവോടെയാണെന്നാണ് അനിൽ അക്കര ആരോപിക്കുന്നത്. മുഖ്യമന്ത്രി അധ്യക്ഷനായ യോഗം ചേർന്നതിന്റെ റിപ്പോർട്ട് അന



ിൽ അക്കര വാർത്താസമ്മേളനത്തിൽ പുറത്തുവിട്ടു. ലൈഫ് മിഷൻ സി.ഇ.ഒ യു.വി ജോസ്, മുൻ മന്ത്രി എ.സി മൊയ്തീന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് നൽകിയ കത്താണ് അനിൽ അക്കര പുറത്തുവിട്ടത്. യോഗത്തിൽ കോൺസൽ ജനറലും റെഡ് ക്രസന്റ് പ്രതിനിധികളും പങ്കെടുത്തുവെന്നും വിദേശ സംഭാവന നിയന്ത്രണ ചട്ടം മുഖ്യമന്ത്രി ലംഘിച്ചുവെന്നും അനിൽ അക്കര ആരോപിച്ചു.

## പെഗാസെസ് ഉപയോഗിച്ച് ഫോൺ ചോർത്തിയെന്ന് രാഹുൽഗാന്ധി; അടിസ്ഥാനരഹിതമെന്ന് കേന്ദ്രമന്ത്രി

ന്യൂഡൽഹി: ചാര സോഫ്റ്റ്വെയറായ പെഗാസെസ് ഉപയോഗിച്ച് തന്റേതടക്കമുള്ള രാഷ്ട്രീയ നേതാക്കളുടെ ഫോൺ സർക്കാർ ചോർത്തിയെന്ന് ആരോപിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. കേംബ്രിഡ്ജ് സർവകലാശാലയിലെ പ്രഭാഷണ പരമ്പരയിൽ സംസാരിക്കവെയാണ് രാഹുൽ ഗാന്ധി കേന്ദ്രത്തിനെതിരെ ആരോപണം ഉന്നയിച്ചത്. ഇന്ത്യയിൽ ജനാധിപത്യം അടിച്ചമർത്തപ്പെടുകയാണെന്നും രാഹുൽ കുറ്റപ്പെടുത്തി. അതേസമയം ആരോപണം ഉന്നയിക്കുന്ന രാഹുൽ എന്തുകൊണ്ട് ഫോൺ അന്വേഷണത്തിനായി കൈമാറിയില്ലെന്ന് കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ തിരിച്ചടിച്ചു.പ്രതിപക്ഷ നേതാക്കൾക്ക് ഫോണിലൂടെ പോലും സംസാരിക്കാനാവാത്ത സാഹചര്യമാണ്





ഇന്ത്യയിൽ. ചാരസോഫ്റ്റ്വെയറായ പെഗാസെസ് ഉപയോഗിച്ച് സർക്കാർ പ്രതിപക്ഷ നേതാക്കളെ നിരീക്ഷിക്കുകയും വിവരങ്ങൾ ചോർത്തുകയുമാണ്. ഫോൺ സംഭാഷണം റെക്കോർഡ് ചെയ്യുന്നുണ്ടെന്നും, കരുതലോടെ സംസാരിക്കണമെന്നും ഇന്റലിജൻസ് ഉദ്യോഗസ്ഥർ തനിക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും രാഹുൽ വെളിപ്പെടുത്തി. അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന പ്രഭാഷണ പരമ്പരയിൽ കേന്ദ്ര സർക്കാരിനെതിരേ രാഹുൽ ഗാന്ധി അതിരൂക്ഷ വിമർശനമാണ് ഉന്നയിച്ചത്.

# പണപ്പെരുപ്പം 58 വർഷത്തെ ഏറ്റവും ഉയർന്ന നിലയിൽ; പാക്കിസ്ഥാനെ തകർത്ത് സാമ്പത്തിക പ്രതിസന്ധി

ഇസ്ലാമാബാദ്: രാജ്യത്ത് പണപ്പെരുപ്പം 58 വർഷത്തെ ഉയർന്ന നിരക്കിലായതോടെ പാക്കിസ്ഥാനെ വരിഞ്ഞ് മുറുകി സാമ്പത്തിക പ്രതിസന്ധി. ഉയർന്ന പണപ്പെരുപ്പവും വിദേശനാണ്യ ശേഖരത്തിലെ ഇടിവുമാണ് പാക്കിസ്ഥാന് തിരിച്ചടിയായിരിക്കുന്നത്. പ്രതിസന്ധി മറികടക്കാൻ റോഡുകളിലെ ചുങ്കപ്പിരിവ് നിർബന്ധമാക്കി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി(പി.എ.സി) ഉത്തരവ് പുറത്തിറക്കി. പണപ്പെരുപ്പം ഫെബ്രുവരിയിൽ 31.6 ശതമാനത്തിലെത്തിയതോടെയാണ് രാജ്യം വൻ പ്രതിസന്ധിയെ നേരിടുന്നത്. 1965നു ശേഷം ആദ്യമായാണ് പണപ്പെരുപ്പം ഇത്രയേറെ ഉയ



രത്തിൽ എത്തുന്നത്. വരും മാസങ്ങളിലും രാജ്യത്ത് പണപ്പെരുപ്പം വർധിക്കുമെന്നാണ് വിലയിരുത്തൽ. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ 12.2 ശതമാനമായിരുന്നു പണപ്പെരുപ്പം.പണപ്പെരുപ്പത്തെ തുടർന്ന് യാത്ര ചെലവ്, ഭക്ഷ്യ വസ്തുക്കൾ, ആൽക്കഹോളിക് അല്ലാത്ത ബീവറേജുകൾ, ആൽക്കഹോളിക് ബീവറേജുകൾ, പുകയില വസ്തുക്കൾ എന്നിവയുടെ വിലയും ഇനിയും വർധിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ മുന്നറിയിപ്പ്. ഭക്ഷ്യസാധനങ്ങളുടെ വിലയും പാക്കിസ്ഥാനിൽ കുതിച്ച് ഉയരുകയാണ്. സൈനികച്ചെലവുകൾക്ക് പണം കണ്ടെത്താനാകാതെ വിയർക്കുകയാണ് ഭരണകൂടം. പല പട്ടാളക്യാമ്പുകളിലും ഭക്ഷണംപോലും ലഭ്യമാക്കാനാകുന്നില്ലെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. സൈനികർക്ക് രണ്ടുനേരം ഭക്ഷണംപോലും നൽകാനാകാത്ത സ്ഥിതിയാണുള്ളത്. സൈനികക്യാമ്പുകളിലെ ദയനീയസ്ഥിതി ചൂണ്ടിക്കാണിച്ച് ഫീൽഡ് കമാൻഡർമാർ ഉന്നതാധികാരികൾക്ക് കത്തുനൽകിയിട്ടുണ്ട്. ചെലവുചുരുക്കലിന്റെ ഭാഗമായി സർക്കാർ ജീവനക്കാരുടെ വേതനം വെട്ടിക്കുറയ്ക്കൽ, വിദേശദൗത്യങ്ങളുടെ എണ്ണംകുറയ്ക്കൽ, ചാരസംഘടനയായ ഐ.എസ്.ഐക്കും ഇന്റലിജൻസ് ബ്യൂറോയ്ക്കും നൽകുന്ന പ്രത്യേക ഫണ്ടുകൾ ചുരുക്കൽ തുടങ്ങിയവയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## കേരളത്തിൽ ബി.ജെ.പിയെ ക്രൈസ്തവർ ഒരിക്കലും സ്വീകരിക്കില്ല; എം.വി ഗോവിന്ദൻ

പാലക്കാട്: ബി.ജെ.പിക്ക് കേരളത്തിൽ ഒരിക്കലും വിജയിക്കാൻ കഴിയില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. ക്രൈസ്തവർക്ക് നിർണായക സ്വാധീനമുള്ള വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പിൽ ബി.ജെ.പി ജയിക്കില്ല. കാരണം, മതനിരപേക്ഷതക്കും ജനാധിപത്യബോധത്തിനും ശക്തമായ അടിത്തറയുള്ള കേരളത്തിൽ ബി.ജെ.പിയുടെ വർഗീയ-വിദ്വേഷ അജൻഡയെ ക്രൈസ്തവർ ഒരിക്കലും സ്വീകരിക്കില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി ആവർത്തിച്ച വിജയം കേരളത്തിൽ തുടരുമെന്ന പ്രധാനമന്ത്രിയുടെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. സി.പി.എം ത്രിപുരയിൽ മികച്ച മുന്നേറ്റം നടത്തി. നേരിയ ഭൂരിപക്ഷത്തിനാണ് ബി.ജെ.പി രക്ഷപ്പെട്ടത്. മുൻവർഷത്തെ അപേക്ഷിച്ച് 11 ശതമാനം വോട്ടാണ് ബി.ജെ.പിക്ക് കുറഞ്ഞത്. 56 ശതമാനം വോട്ട് ബി.ജെ.പക്ക് എതിരായി ലഭിച്ചു. പ്രധാനമന്ത്രി അടക്കമുള്ളവരുടെ പ്രചരണം ഉണ്ടായിട്ടും നല്ല രീതിയിൽ ആത്മവിശ്വാസത്തോട് കൂടി പാർട്ടി തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചുവെന്നും എം.വി ഗോവിന്ദൻ പറഞ്ഞു. കാര്യലാഭത്തിന് വേണ്ടിയല്ല, ഇന്ത്യൻ രാഷ്ട്രീയത്തിന് വേണ്ടിയാണ് സംസാരിക്കുന്നത്. ഇന്നത്തെ ഇന്ത്യൻ പരിതസ്ഥിതിയിൽ ബി.ജെ.പിയെ തോൽപ്പിക്കണം.

ഞങ്ങൾ കാണുന്ന രാഷ്ട്രീയമിതാണ്. ഓരോ യൂണിറ്റായി സംസ്ഥാനത്തെ എടുക്കണം. അവിടെ ബി.ജെ.പി ഇതര വോട്ടുകൾ മുഴുവൻ ഏതേത് മണ്ഡലത്തിൽ ഏതേത് പാർട്ടിക്ക് എന്ന് കണക്കാക്കി ജയിക്കാൻ സാധിക്കുന്ന നിലപാട് സ്വീകരിച്ചാൽ ബി.ജെ.പി 2024ൽ തോൽക്കുമെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

## മേവ മുസ്ലീംങ്ങൾ രാമന്റയേും കൃഷ്ണന്റയേും രക്തം'; രാജസ്ഥാൻ കോൺഗ്രസ് എം.എൽ.എ ഷാഫിയ സുബൈർ

ജയ്പൂർ: മേവമുസ്ലീംങ്ങൾ ഇസ്ലാം മതം സ്വീകരിച്ചിരിക്കാം, എന്നാൽ താനടക്കം മേവ സമുദായത്തിലുള്ളവരെല്ലാം രാമന്റേയും കൃഷ്ണന്റേയും പിന്മുറക്കാരാണെന്ന് രാജസ്ഥാൻ കോൺഗ്രസ് എം.എൽ.എ ഷാഫിയ സുബൈർ. മേവാത്ത് പിന്നോക്ക പ്രദേശമാണെന്ന് വിശേഷിപ്പിച്ച ബി.ജെ.പി എം.എൽ.എമാർക്കുള്ള മറുപടിയായിട്ടായിരന്നു ഷാഫിയയുടെ പ്രതികരണം. മേവ മുസ്ലീംങ്ങൾ യഥാർഥത്തിൽ ഹിന്ദുക്കളായിരുന്നുവെന്നും അവർ രാമന്റേയും കൃഷ്ണന്റേയും പിൻമുറക്കാ



രാണെന്നും എം.എൽ.എ പറയുന്നു. മേവ സമുദായത്തിൽ നിന്നുള്ള ആളുകൾ അൽവാർ, ഭരത്പൂർ, നൂഹ് എന്നിവിടങ്ങളിലും ശ്രീകൃഷ്ണൻ ജനിച്ച മഥുരയുടെ ചില ഭാഗങ്ങളിലും താമസിക്കുന്നുണ്ട്. ഇവരുടെ വംശാവലിയുടെ ചെറു ചരിത്രം എനിക്കും കിട്ടി. തങ്ങൾ രാമന്റയേും കൃഷ്ണന്റേയും രക്തമാണ്. മതം മാറിയാൽ രക്തം മാറില്ല. ഞങ്ങൾക്ക് രാമന്റേയും കൃഷ്ണന്റേയും രക്തം മാത്രമേ ഉള്ളൂ' എന്നും അവർ പറഞ്ഞു. മേവക്കാർ ക്രിമിനലുകളാണെന്നും പിന്നോക്കാവസ്ഥയിലുള്ളവരാണെന്നും പറയുന്നവർ ഇക്കാര്യങ്ങൾ ഓർക്കണമെന്നും നിയമസഭയിൽ ചർച്ചയ്ക്കിടെ അൽവാറിലെ രാംഗഢിൽ നിന്നുള്ള എം.എൽ.എ ഷാഫിയ സുബൈർ കൂട്ടിച്ചേർത്തു.

# ആർ.എസ്.എസ് റൂട്ട് മാർച്ച്: വിഷയം സുരക്ഷാ പ്രശ്നങ്ങളെന്ന് തമിഴ്നാട് സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ആർ.എസ്.എസ് റൂട്ട് മാർച്ചിനെ എതിർക്കുന്നില്ലെന്നും സുരക്ഷാ പ്രശ്നങ്ങളാണ് വിഷയമെന്നും തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ അറിയിച്ചു. ആർ.എസ്.എസ് റൂട്ട് മാർച്ചിന് അനുവാദം നൽകിയതിനെതിരായ തമിഴ്നാട് സർക്കാർ അപ്പീലിൽ വാദം കേൾക്കുന്നത് ഈ മാസം 17ലേക്ക് മാറ്റി. മാർച്ച് നടത്താൻ ബദൽ റൂട്ട് സമർപ്പിക്കാമെന്നാണ് സർക്കാർ കോടതിയെ അറിയിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ ആർ.എസ്.എസ് റൂട്ട് മാർച്ചിന് അനുമതി നൽകിയ ഹൈക്കോടതി നടപടി സ്റ്റേ



ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയത്. റൂട്ട് മാർച്ചിന് അനുമതി നൽകാൻ നേരത്തെ പോലിസിന് മദ്രാസ് ഹൈക്കോടതി നിർദേശം നൽകിയിരുന്നു. നേരത്തെ ഒക്ടോബർ രണ്ടിന് നടത്താൻ ഇരുന്ന ആർ.എസ്.എസ് മാർച്ചിന് തമിഴ്നാട് സർക്കാർ അനുമതി നിഷേധിച്ചിക്കുകയായിരുന്നു. തമിഴ്നാട് സർക്കാർ തീരുമാനം മദ്രാസ് ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തിരുന്നു. റൂട്ട് മാർച്ചിന് മൂന്ന് തീയതികൾ നിർദേശിക്കാനും പോലിസിന്റെ അനുമതിക്ക് അപേക്ഷിക്കാനുമായിരുന്നു ഹൈക്കോടതിയുടെ നിർദേശം. അപേക്ഷ നിയമാനുസൃതം പരിഗണിക്കണമെന്ന് പോലിസിനോട് നിർദേശിച്ചതോടൊപ്പം ആരെയും പ്രകോപിപ്പിക്കാതെ മാർച്ച് സംഘടിപ്പിക്കാൻ ആർ.എസ്.എസിനോടും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ക്രമസമാധാന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി റൂട്ട് മാർച്ചിന് അനുമതി നിഷേധിച്ച സിംഗിൾ ബെഞ്ച് വിധി റദ്ദാക്കിക്കൊണ്ടായിരുന്നു ജസ്റ്റിസുമാരായ ആർ.മഹാദേവൻ, മുഹമ്മദ് ഷെഫീഖ് എന്നിവരുടെ ബെഞ്ചിന്റെ ഉത്തരവ്. ആശയപ്രകാശനത്തിനും സംഘടിക്കാനുമുള്ള ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങൾ നിഷേധിക്കുംവിധം സർക്കാരുകൾ പെരുമാറരുതെന്നും കോടതി നിർദേശിച്ചു.

## സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

ന്യൂഡൽഹി: പനിയും, ശ്വാസതടസവും അനുഭവപ്പെട്ടതിനെ തുടർന്ന് മുൻ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം രാത്രിയോടെയാണ് സോണിയ ഗാന്ധിയെ ദില്ലിയിലെ ഗംഗാറാം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. പനിയും ബ്രോങ്കൈറ്റിസുമുണ്ടെന്നും ആരോഗ്യനില തൃപ്തികരമാണെന്നും നിരീക്ഷണത്തിലാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു. വിവിധ പരിശോധനകൾ നടത്തുന്നുണ്ടെന്നും നിലവിൽ മുതിർന്ന ഡോക്ടർമാരുടെ കീഴിലാണ് ചികിത്സയെന്നും ആശുപത്രി



ട്രസ്റ്റ് ചെയർമാൻ ദേശീയ മാധ്യമങ്ങളോട് പ്രതികരിച്ചു. ഈ വർഷം ഇത് രണ്ടാംതവണയാണ് സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്. ജനുവരിയിലും സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

## അമിത് ഷായുടെ കേരള സന്ദർശനം മാറ്റിവച്ചു

ന്യൂഡൽഹി: ഈ മാസം അഞ്ചിന് നടത്താനിരുന്ന കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ കേരള സന്ദർശനം ഒഴിവാക്കി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സർക്കാർ രൂപികരണവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടക്കുന്നതിനാലാണ് അദ്ദേഹം കേരള സന്ദർശനം മാറ്റിവച്ചതെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു. അമിത് ഷായുടെ സന്ദർശനത്തിനായി തൃശൂരിൽ വൻ ഒരുക്കങ്ങൾ നടത്തുന്നതിനിടെയാണ് അദ്ദേഹം സന്ദർശനം റദ്ദാക്കിയത്.

## പോക്സോ കേസിലെ പ്രതിയെ ജാമ്യത്തിലെടുക്കാൻ വ്യാജ നികുതി ശീട്ടുകൾ നൽകി; രണ്ടുപേർ അറസ്റ്റിൽ

കോഴിക്കോട്: തൊട്ടിൽപാലം പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പോക്സോ കേസിലെ പ്രതിയായ ഝാർഖണ്ഡ് സ്വദേശിയെ ജാമ്യത്തിലെടുക്കുന്നതിനായി വ്യാജ നികുതി ശീട്ടുകൾ നൽകി കോടതിയെ കബളിപ്പിച്ച പ്രതികളെ ടൗൺ പോലിസ് അറസ്റ്റ് ചെയ്തു. തിരുവനന്തപുരം മലയിൻ കീഴ് പുതുവൽ പുത്തൻ വീട്ടിൽ സുധാ കുമാർ, കുടപ്പാ മൂട് റോഡരികത്ത് വീട്ടിൽ ഉണ്ണികൃഷ്ണൻ എന്നിവരാണ് അറസ്റ്റിലായത്. 2018ലാണ് കേസിനാസ്പദമായ സംഭവം. തൊട്ടിൽപാലം പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ പ്രതിയായ ഝാർഖണ്ഡ് സ്വദേശിയായ നസറുദ്ദീൻ എന്നയാളെ ജാമ്യത്തിൽ എടുക്കുന്നതിനായി പ്രതികൾ അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി (പോക്സോ) കോഴിക്കോട് മുമ്പാകെ അസ്സലാണെന്ന



സുധാ കുമാർ, ഉണ്ണികൃഷ്ണൻ

വിധത്തിൽ വ്യാജ രേഖകൾ ഹാജരാക്കി ജാമ്യക്കാരായി നിന്ന് ജാമ്യം വാങ്ങിച്ച് കോടതിയെ വഞ്ചിക്കുകയായിരുന്നു. കേസിലെ പ്രതി നസറുദ്ദീൻ ഹാജരാകാത്തതിനെ തുടർന്ന് പ്രതിക്കെതിരേ കോടതി വാറണ്ട് പുറപ്പെടുവിക്കുകയും ജാമ്യകാർക്കെതിരേ വില്ലേജ് ഓഫിസ് മുഖേനെ നടപടി സ്വീകരിക്കുന്നതിനുമായി വില്ലേജ് ഓഫിസുകളിലേക്ക് നോട്ടീസ് അയക്കുകയും ചെയ്തതിനെ തുടർന്നാണ് രേഖകൾ വ്യാജമാണെന്ന് മനസിലായത്. തുടർന്ന് നെടുമങ്ങാട് തഹസിൽദാർ രേഖകൾ വ്യാജമാണെന്നുള്ള വിവരം കോടതിയെ അറിയിക്കുകയായിരുന്നു. കോടതിയുടെ പരാതിയിൽ ടൗൺ പോലിസ് കേസ് രജിസ്റ്റർ ചെയ്യുകയും ഒളിവിൽ കഴിയുന്ന പ്രതികളെ തിരുവനന്തപുരത്ത് വച്ചു പിടികൂടുകയുമായിരുന്നു.

ഇവർക്കെതിരേ വഞ്ചിയൂർ കോടതിയിലും സമാനമായ കേസുണ്ട്. പ്രതികളെ വ്യാജ രേഖകൾ നിർമിക്കാൻ സഹായിച്ചവരെ കുറിച്ചും, പ്രതിക്ക് ജാമ്യത്തിനായി ഹാജരായ അഭിഭാഷകർക്ക് കേസിൽ എന്തെങ്കിലും പങ്കുണ്ടോ എന്ന കാര്യത്തിലും പോലിസ് വിശദമായ അന്വേഷണം നടത്തുന്നുണ്ട്.

ടൗൺ പോലിസ് സ്റ്റേഷൻ എസ്.എച്ച്.ഒ ബൈജു കെ.ജോസിന്റെ നേതൃത്വത്തിൽ എസ്.ഐമാരായ ജിബിൻ ജെ.ഫ്രെഡി, അബ്ദുൾ സലിം വി.വി, സീനിയർ സി.പി.ഒമാരായ സജേഷ് കുമാർ, ഉദയ കുമാർ, സി.പി.ഒ അനൂജ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



## ആഗോള ശതകോടീശ്വരൻ: ഇലോൺ മസ്കിന് ഒന്നാം സ്ഥാനം വീണ്ടും നഷ്ടമായി

വാഷിംഗ്ടൺ: ആഗോള ശതകോടീശ്വരപ്പട്ടികയിലെ ഒന്നാം സ്ഥാനം ഇലോൺ മസ്കിന് വീണ്ടും നഷ്ടമായി.ബുധനാഴ്ച ടെസ്ലയുടെ ഓഹരികൾ അഞ്ച് ശതമാനത്തിലധികം ഇടിഞ്ഞതായി ഫോർച്യൂൺ റിപ്പോർട്ടിനെ തുടർന്ന് ഒരു ദിവസം കൊണ്ട് മസ്കിന് 1.9 ബില്യൺ ഡോളർ നഷ്ടം സംഭവിച്ചു. മസ്കിന്റെ ആസ്തി 184 ബില്യൺ ഡോളറായി കുറഞ്ഞതോടെ ധനികരുടെ പട്ടികയിലെ ഒന്നാം സ്ഥാനവും നഷ്ടമായി. 186 ബില്യൺ ഡോളർ ആസ്തിയുള്ള ആഡംബര ബ്രാൻഡായ ലൂയി വിറ്റൺ സി.ഇ.ഒ ബർനോൾഡ് അർനോൾട്ടാണ് നിലവിൽ ലോകത്തിലെ ഏറ്റവും വലിയ ധനികൻ. ഏറെ നാളിനുശേഷം രണ്ടു ദിവസം മുമ്പാണ് മസ്ക് ആഗോള സമ്പത്ത് പിരമിഡിൽ ഒന്നാംസ്ഥാനം തിരിച്ചു പിടിച്ചത്. ബ്ലൂംബെർഗ് ശതകോടീശ്വരന്മാരുടെ സൂചിക പ്രകാരം അദ്ദേഹത്തിന്റെ ആസ്തി 187.1 ബില്യൺ ഡോളറിൽ എത്തിയിരുന്നു.

# എസ്കോബാറിന്റെ ഹിപ്പോകൾക്ക് ഇന്ത്യയിലും മെക്സിക്കോയിലും പുനരധിവാസം

കൊളംബിയ: കുപ്രസിദ്ധ കൊളംബിയൻ മയക്കുമരുന്ന് രാജാവ് പാബ്ലോ എസ്കോബാറിൻെ ഹിപ്പോകൾക്ക് ഇനി ഇന്ത്യയുടെ വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളിൽ പുനരധിവാസമൊരുങ്ങും. ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണെന്ന് കൊളംബിയൻ അധികൃതർ അറിയിച്ചു. ഏറ്റവും സമ്പന്നനായ കുറ്റവാളി കൊളംബിയൻ മയക്കുമരുന്ന് മാഫിയ രാജാവ് പാബ്ലോ എസ്കോബാറിന് കൊളംബിയയിൽ ഹസിൻഡ നാപ്പോൾസ് എന്ന എസ്റ്റേറ്റ് ഉണ്ടായിരുന്നു. ഏകദേശം 20 കിലോമീറ്ററോളം വിസ്തിർണമുള്ള ഈ സുഖവാസകേന്ദ്രത്തിൽ 1980 കളിൽ അദ്ദേഹം ആഫ്രിക്കയിൽ നിന്ന് മൂന്ന് പെൺ ഹിപ്പോകളേയും ഒരു ആൺഹിപ്പോയേയും അനധികൃതമായി കടത്തിക്കൊണ്ടുവന്നു വളർത്താൻ തുടങ്ങി.1993ൽ എസ്കോബാർ കൊല്ലപ്പെട്ടതിനു ശേഷം ഹസിൻഡ നാപ്പോൾസ് ഒരു പ്രാദേശിക ടൂറിസ്റ്റ് കേന്ദ്രമായി മാറിയെങ്കിലും പിന്നീട് ഉപേക്ഷിക്കപ്പെട്ട നിലയിലായി. അവിടെയുണ്ടായ ഹിപ്പോകൾ പെറ്റുപെരുകി നദീതീരങ്ങളിലും കാടുകളുലുമായി വിഹരിച്ചു. നാൽപത് വർഷത്തിനിടയിൽ



ഹസിൻഡ നാപ്പോൾസിന്റെ ചുറ്റുപാടും മഗ്ദലേന നദി ക്കരയിലുമായി ഹിപ്പോകൾ പെരുകിക്കൊണ്ടേയിരിക്കുകയാണ്. അനുകൂലമായ പ്രകൃതിയും ശത്രുക്കളില്ലാത്ത ആവാസ വ്യവസ്ഥയും വംശവർധനയ്ക്ക് കാരണമായി. ചുരുങ്ങിയ വർഷം കൊണ്ട് ഇവയുടെ എണ്ണം പെരുകുമെന്നും ആ പ്രദേശത്തിന്റെ പാരിസ്ഥിതിക സംതുലനത്തെ ദോഷകരമായി ബാധിക്കുമെന്നും പരിസ്ഥിതി ഗവേഷകർ മുന്നറിയിപ്പ് നൽകി. ഇന്ത്യ, മെക്സിക്കോ എന്നിവിടങ്ങളിലേയ്ക്ക് 70 ഹിപ്പോകളെ കയറ്റി അയയ്ക്കാനാണ് കൊളംബിയൻ സർക്കാറിന്റെ തീരുമാനം. മൂന്നു ടണ്ണോളം ഭാരം വരുന്ന ഹിപ്പോകളെ വലിയ ഇരുമ്പ് കൂടുകളിലാക്കി ഹസിൻഡ നാപ്പോൾസിൽ നിന്ന് റിയോനെഗ്രോ വിമാനത്താവളത്തിലേക്കും അവിടെ നിന്ന് ഇന്ത്യയിലേയ്ക്കും മെക്സിക്കോയിലേയ്ക്കും വിമാനത്തിൽ അയയ്ക്കും. അറുപത് ഹിപ്പോകളെ ഗുജറാത്തിലെ ഗ്രീൻസ് സുവോളജിക്കൽ റസ്ക്യു ആൻഡ് റിഹാബിലിറ്റേഷൻ കിങ്ഡത്തിലേയ്ക്കും പത്തെണ്ണത്തെ മെക്സിക്കോയിലെ വിവിധ മൃഗശാലകളിലേയ്ക്കും സംരക്ഷണ കേന്ദ്രങ്ങളിലേയ്ക്കും അയയ്ക്കുമെന്ന് കൊളംബിയൻ മൃഗസംരക്ഷണ ക്ഷേമകാര്യ മന്ത്രാലയ ഡയരക്ടർ പറഞ്ഞു.



ഉദയം ചാരിറ്റബിൾ ട്രസ്റ്റിലെ അന്തേവാസികൾക്കായുള്ള സൗജന്യ ശ്രവണ സഹായി വിതരണത്തിന്റെ ഉദ്ഘാടനം സബ് കലക്ടറും ഉദയം ചാരിറ്റബിൾ ട്രസ്റ്റ് വൈസ് ചെയർപേഴ്സനുമായ ചെൽസാസിനി.വിക്ക് ശ്രവണ സഹായികൾ കൈമാറിക്കൊണ്ട് എം.കെ രാഘവൻ എം.പി നിർവഹിക്കുന്നു

## കേൾവി ദിന സംഗമവും സൗജന്യ ശ്രവണ സഹായി വിതരണവും നടത്തി

കോഴിക്കോട്: കേൾവി ദിന സംഗമവും സൗജന്യ ശ്രവണ സഹായി വിതരണവും അസെന്റ് ഇ.എൻ.ടി ആശുപത്രിയിൽ വെച്ച് നടത്തി. ലോക കേൾവി ദിനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ ഭരണ കൂടത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഉദയം ചാരിറ്റബിൾ ട്രസ്റ്റിലെ അർഹരായ അന്തേവാസികൾക്കാണ് സൗജന്യമായി ലക്ഷങ്ങൾ വിലവരുന്ന ശ്രവണ സഹായികൾ വിതരണം ചെയ്തത്. അസെന്റ് ഇ.എൻ.ടി ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ കോഴിക്കോട് എം.പി എം.കെ രാഘവൻ, കോഴിക്കോട് സബ് കലക്ടറും ഉദയം ചാരിറ്റബിൾ ട്രസ്റ്റ് വൈസ് ചെയർപേഴ്സനുമായ ചെൽസാസിനി.വിക്ക് ശ്രവണ സഹായികൾ കൈമാറി ഉദ്ഘാടനം നിർവഹിച്ചു. ശേഷം ഇന്നത്തെ തലമുറ അഭിമുഖീകരിക്കുന്ന ശബ്ദ മലിനീകരണവും തുടർന്നുണ്ടാവുന്ന ദൂഷ്യഫലങ്ങളും എം.പി രാഘവൻ എം.പി ചടങ്ങിൽ ഓർമിപ്പിച്ചു. അസെന്റ് ഹോസ്പിറ്റൽ ചെയ്യുന്ന സാമൂഹ്യ സേവനങ്ങൾക്ക് സബ് കലക്ടർ നന്ദി പറഞ്ഞു.

കേൾവി കുറവ് മൂലം പൊതുജനം അഭിമുഖീകരിക്കുന്ന പ്രശ്ങ്ങളെ ലഘൂകരിക്കാൻ അസെന്റ് ഇ.എൻ.ടി ആശുപത്രി നടത്തുന്ന പ്രവർത്തനങ്ങളെ കോഴിക്കോട് സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി ഉമേഷ് അഭിനന്ദിച്ചു. ഹോസ്പിറ്റൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ബിജിരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹോസ്പറ്റൽ മാനേജർ ഷിനോജ് സ്വാഗതവും ചീഫ് ഓഡിയോളോജിസ്റ്റ് ഷബീബ നന്ദിയും അറിയിച്ചു.

കോഴിക്കോട് ഡെപ്യൂട്ടി കലക്ടർ അനിത കുമാരി.ഇ, ഉദയം ചാരിറ്റബിൾ ട്രസ്റ്റ് സ്പെഷ്യൽ ഓഫിസർ ഡോ. രാകേഷ്, ഹോസ്പിറ്റൽ അനസ്തേഷ്യ വിഭാഗം മേധാവി ഡോ. ദിദീപ് ചന്ദ്ര എന്നിവർ സംസാരിച്ചു. ഇ.എൻ.ടി സർജൻ ഡോ. അർഷാദ് എം.ആർ കേൾവി ദിന സന്ദേശം നൽകി. അസെന്റിൽ ഹോസ്പിറ്റലിൽ വെച്ച് പൊതുജനങ്ങൾക്കായി നടന്ന സൗജന്യ കേൾവി പരിശോധനയിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന 200ലധികം ആളുകൾ പങ്കെടുത്തു.

## മൂന്നാം ടെസ്റ്റിൽ ആസ്ട്രേലിയക്ക് ഒമ്പത് വിക്കറ്റ് ജയം

### ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനൽ ബെർത്തുറപ്പിക്കാൻ ഇന്ത്യക്ക് അടുത്ത മത്സരം ജയിക്കണം

ഇൻഡോർ: ഇന്ത്യക്കെതിരേ മൂന്നാം ടെസ്റ്റ് മത്സരത്തിൽ ആസ്ട്രേലിയക്ക് ഒമ്പത് വിക്കറ്റ് വിജയം. 76 റൺസ് വിജയലക്ഷ്യവുമായി മൂന്നാം ദിനമിറങ്ങിയ ആസ്ട്രേലിയക്ക് വലിയ പരുക്കുകളില്ലാതെ ലക്ഷ്യത്തിലെത്താൻ സാധിച്ചു. വിജയത്തോടുകൂടി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനൽ ബെർത്തുറപ്പിക്കാനും അവർക്കായി. പരാജയം ഉറപ്പിച്ചിറങ്ങിയ ഇന്ത്യക്ക് ഓസീസിന്റെ ഉസ്മൻ ഖവാജയുടെ വിക്കറ്റ് മാത്രമാണ് (0) നേടാനായത്. ആർ.അശ്വിന്റെ പന്തിൽ വിക്കറ്റ് കീപ്പർ കെ.എസ് ഭരതിന് ക്യാച്ച് നൽകിയാണ് ഖവാജ മടങ്ങിയത്.

നാല് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്. 49 റൺസോടെ ട്രോവിസ് ഹെഡും 28 റൺസോടെ മർനസ് ലബുഷെയ്നും ഓസിസ് നിരയിൽ പുറത്താകാതെ നിന്നു. രണ്ട് ഇന്നിങ്സുകളിൽ നിന്നുമായി 11 വിക്കറ്റുകൾ വീഴ്ത്തിയ നഥാൻ ലിയോണാണ് കളിയിലെ താരം. ഇൻഡോറിലെ പരാജയത്തോടുകൂടി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിലെത്താൻ ഇന്ത്യക്ക് അഹമ്മദാബാദിൽ ഒമ്പത് മുതൽ നടക്കുന്ന നാലാം ടെസ്റ്റിന്റെ ഫലത്തിനായി കാത്തിരിക്കണം. നേരത്തെ ആസ്ട്രേലിയക്കെതിരായ ആദ്യ രണ്ട് ടെസ്റ്റിൽ ഇന്ത്യ ജയിച്ചതോടെ ദക്ഷിണാഫ്രിക്ക ഫൈനലിലെത്താതെ പുറത്തായിരുന്നു.

ആസ്ട്രേലിയ ഫൈനലിലെത്തിയതോടെ ഇനി ഇന്ത്യയും ശ്രീലങ്കയും തമ്മിലാണ് ഫൈനൽ ബെർത്തിനായി ഏറ്റുമുട്ടുക. അതിനാൽ തന്നെ അഹമ്മദാബാദിലെ അവസാന മത്സരം ഇന്ത്യക്ക് നിർണായകമാണ്. മത്സരത്തിൽ തോറ്റാൽ ഫൈനൽ ബെർത്ത് ഉറപ്പിക്കാൻ ഇന്ത്യക്ക് ശ്രീലങ്ക-ന്യൂസിലൻഡ് പരമ്പരയുടെ ഫലം കാക്കേണ്ടിവരും.

ന്യൂസിലൻഡിനെ ശ്രീലങ്ക 2-0ന് തോൽപ്പിക്കുകയും അഹമ്മദാബാദ് ടെസ്റ്റിൽ ഇന്ത്യ തോൽക്കുകയും ചെയ്താൽ വിജയശതമാനത്തിൽ ശ്രീലങ്ക ഇന്ത്യക്ക് മുന്നിലെത്തും. അതേസമയം ന്യൂസിലൻഡ് ലങ്കയെ 2-0ന് തോൽപ്പിക്കുകയാണെങ്കിൽ ഇന്ത്യക്ക് ഫൈനൽ സാധ്യത നിലനിൽക്കുന്നുണ്ട്. ആസ്ട്രേലിയക്കെതിരേയുള്ള അടുത്ത മത്സരം ഇന്ത്യ ജയിച്ചൽ ഒരു ഫലത്തിനും കാത്തുനിൽക്കാതെ ഇന്ത്യക്ക് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനൽ കളിക്കാം. ജൂൺ ഏഴ് മുതൽ 11 വരെ ഇംഗ്ലണ്ടിലെ ഓവിലിലാണ് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ.



മർനസ് ലബുഷെയ്നും ട്രോവിസ് ഹെഡും

## ഫോർസെപ്സ് വയറ്റിൽ കുടുങ്ങിയ സംഭവത്തിൽ ഹർഷിതക്ക് നീതി ലഭ്യമാക്കണം: അഡ്വ. കെ. പ്രവീൺകുമാർ

മെഡിക്കൽ കോളേജ്: കേരളത്തിലെ ആരോഗ്യ രംഗത്തെ വീഴ്ചയുടെ ഇരയായ ഹർഷിതക്ക് നിതി ലഭ്യമാക്കണമെന്ന് ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ. പ്രവീൺകുമാർ ആവശ്യപ്പെട്ടു. ശസ്ത്രക്രിയ ഉപകരണമായ ഫോർസെപസ് വയറ്റിൽ കുടുങ്ങി ബുദ്ധിമുട്ടിയ പന്തീരാങ്കാവ് സ്വദേശിനി ഹർഷിത കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണകേന്ദ്ര കവാടത്തിൽ തുടർച്ചയായി നാലാം ദിവസം നടത്തുന്ന നിരാഹാര സമരപന്തൽ സന്ദർശിച്ച്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലങ്ങളായി പുറത്ത് വിടാത്ത അന്വേഷണ റിപ്പോർട്ട് നിരാഹാര സമരത്തിന് പിന്തുണ യേറുന്നുണ്ടെന്ന് മനസിലാക്കി പെട്ടെന്ന് പുറത്ത്വിട്ട് കുറ്റക്കാരെ സംരക്ഷിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. മെഡിക്കൽ കോളേജിന് മുൻപിൽ നാല് ദിവസമായി നിരാഹാര സമരം നടത്തിയിട്ടും മെഡിക്കൽ കോളേജ് അധികൃതർ ആരും അനുഭാവപൂർണ്ണമായ സമീപനം സ്വീകരിച്ചില്ലെന്ന് ഹർഷിത പ്രവീൺ കുമാറിനോട് പറഞ്ഞു. ഹർഷിതയുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് നടത്തിവരുന്ന നിരാഹാര സമരം അവസാനിപ്പിക്കണമെന്ന പ്രവീൺകുമാറിന്റെ അഭ്യർഥനയെ തുടർന്ന് ഇളനീർ കുടിച്ച് സമരം അവസാനിപ്പിച്ച് സത്യഗ്രഹ സമരം ആരംഭിച്ചു. ഹർഷിതക്ക് നിയമസഹായമുൾപ്പടെ ജില്ലാ കോൺഗ്രസ് കമ്മറ്റിയുടെ എല്ലാ പിന്തുണയും അഡ്വ.കെ. പ്രവീൺകുമാർ വാഗ്ദാനം ചെയ്തു. ഡി.സി.സി. സെക്രട്ടറി ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ച ചടങ്ങിൽ മണ്ഡലം പ്രസിഡന്റ് വിശ്വൻ പുതുശ്ശേരി സ്വാഗതം പറഞ്ഞു, കെ. സി. പ്രവീൺ, ശ്രീയേഷ് ചെലവൂർ, പി.ടി സന്തോഷ് കുമാർ, കെ.പി സക്കീർ, ടി.സുൾഫീക്കർ ഹുള്ള , മഹറൂഫ് മണക്കടവ്, കെ.പി ജയപ്രകാശ് തുടങ്ങിയവർ സംബന്ധിച്ചു. സത്യഗ്രഹ സമരം തുടരുന്നതിനായി ദിനേശ് പെരുമണ്ണയെ ചെയർമാനായും, മുസ്തഫ പാലാഴി കൺവീനറായും സമര സമിതി രൂപീകരിച്ചു.



ഫോർസെപ്സ് വയറ്റിൽ കുടുങ്ങിയ സംഭവത്തിൽ നീതി ആവശ്യപ്പെട്ട് മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണകേന്ദ്ര കവാടത്തിൽ തുടർച്ചയായി നാലാം ദിവസം ഹർഷിത നടത്തുന്ന നിരാഹാര സമരപന്തൽ അഡ്വ.കെ.പ്രവീൺകുമാർ സന്ദർശിച്ചപ്പോൾ



## കൊട്ടക...

### വിരൂപാക്ഷയുടെ ടീസർ പുറത്ത്

സായി ധരംതേജയും സംയുക്തയും പ്രധാന കഥാപാത്രങ്ങളിലെത്തുന്ന വിരൂപാക്ഷയുടെ ടീസർ റിലീസ് ചെയ്തു. ചിത്രം ഏപ്രിൽ 21ന് തിയേറ്ററുകളിലേക്കെത്തും. ശ്രീവെങ്കടേശ്വര സിനി ചിത്രാ പ്രൊഡക്ഷൻ ഹൗസും സുകുമാർ വ്രയിറ്റിങ്ങ്സും ചേർന്ന് നിർമിക്കുന്ന മിസ്റ്റിക് ത്രില്ലെർ ചിത്രമാണ് വിരൂപാക്ഷ. സായി ധരം തേജയുടെ പതിനഞ്ചാമത് ചിത്രമാണിത്. കാർത്തിക് ദാന്തു ആണ് ചിത്രത്തിന്റെ സംവിധായകൻ. പ്രശസ്ത നിർമ്മാതാക്കളായ ബി.വി.എസ്.എൻ പ്രസാദ് ഗരു, ബപിനീട് ഗരു എന്നിവരാണ് ചിത്രത്തിന്റെ നിർമാതാക്കൾ. 1990 കാലഘട്ടത്തിൽ ഒരു കാടിനോട് ചേർന്നുള്ള ഗ്രാമത്തിൽ നടക്കുന്ന കഥയാണ് ചിത്രത്തിലേത്. ചില വിശ്വാസങ്ങളുടെ പേരിൽ നായകൻ അഭിമുഘീകരിക്കുന്ന സങ്കിർണമായ പ്രശ്നങ്ങളിലൂടെയാണ് ചിത്രം സഞ്ചരിക്കുന്നത്. ശ്യാം ദത്താണ് ഛായാഗ്രഹണം. സംഗീതം അജനീഷ് ലോകനാഥ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ് സതീഷ് ബി.കെ. ആർ, അശോക് ബന്ദേരി. വിരൂപാക്ഷ മലയാളം, തമിഴ്, തെലുഗ്, കന്നഡ, ഹിന്ദി ഭാഷകളിൽ റിലീസ് ചെയ്യും. പി.ആർ.ഓ പ്രതീഷ് ശേഖർ.



# പി.യു.സി പരീക്ഷകൾക്ക് ഹിജാബ് അനുവദിക്കില്ല: കർണാടക വിദ്യാഭ്യാസമന്ത്രി ബി.സി നാഗേഷ്



ബംഗളൂരു: ഹിജാബ് നിരോധനവുമായി ബന്ധപ്പെട്ട ഹർജികളിൽ അടിയന്തരവാദത്തിന് സുപ്രീം കോടതി വിസമ്മതിച്ച സാഹചര്യത്തിൽ ഒരു കാരണവശാലും കർണാടക പി.യു.സി പരീക്ഷകൾക്ക് ഹിജാബ് അനുവദിക്കില്ലെന്ന് വിദ്യാഭ്യാസമന്ത്രി ബി.സി നാഗേഷ് വ്യക്തമാക്കി. സുപ്രീംകോടതിയിൽ നടപടികൾ തുടരട്ടേയെന്നും അദ്ദേഹം പറഞ്ഞു. ഒമ്പതിനാണ് കർണാടക പി.യു.സി പരീക്ഷകൾ തുടങ്ങുന്നത്.

ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന് മുന്നിൽ ഹർജികൾ ഇന്നും പരാമർശിച്ചു. പരീക്ഷയ്ക്ക് ഇനി അഞ്ച് ദിവസം മാത്രമാണുള്ളതെന്നും അതിനാൽ കേസിൽ ഉടനടി വാദം കേൾക്കണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു. എന്നാൽ പെട്ടെന്ന് വന്ന് പരാമർശം നടത്തിയാൽ കേസ് പരിഗണിക്കാനാകില്ലെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി. എന്നാൽ രണ്ട് തവണ ഹർജികൾ പരിഗണിച്ചതാണെന്ന് ഹർജിക്കാർ അറിയിച്ചു. ഇതോടെ ഹർജികൾ ഹോളി അവധി കഴിഞ്ഞ് പരിഗണിക്കാമെന്ന് കോടതി അറിയിച്ചു. നേരത്തെ സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിന്റെ ഭിന്നവിധിയെ തുടർന്ന് ഹർജികൾ മൂന്നംഗ ബെഞ്ചിലേക്ക് വിട്ടിരുന്നെങ്കിലും ഹർജി പരിഗണിക്കുന്ന ബെഞ്ച് ഇതുവരേയും രൂപീകരിച്ചിട്ടില്ല. കർണ്ണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹിജാബ് വിലക്കിൽ വിഭിന്നവിധികളാണ് കഴിഞ്ഞ ഒക്ടോബറിൽ ജസ്റ്റിസ് ഹേമന്ത് ഗുപ്ത , ജഡ്ജിയായ ജസ്റ്റിസ് സുധാൻഷു ധൂലിയ എന്നിവരിടങ്ങിയ ബെഞ്ചിൽ നിന്നുണ്ടായത്. ഹിജാബ് വിലക്ക് ജസ്റ്റിസ് ഹേമന്ത് ഗുപ്ത ശരിവച്ചപ്പോൾ മറ്റൊരു ജഡ്ജിയായ ജസ്റ്റിസ് സുധാൻഷു ധൂലിയ വിലക്ക് റദ്ദാക്കി. ഹിജാബ് ധിരിക്കുന്നത് അനിവാര്യമായ മതാചാരം അല്ലെന്ന് ജസ്റ്റിസ് ഹേമന്ത് ഗുപ്ത പറഞ്ഞു. ഇക്കാര്യത്തിൽ കർണ്ണാടക ഹൈക്കോടതി വിധിയോട് യോജിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യൂണിഫോം ധരിക്കാനുള്ള ഉത്തരവാദിത്വം വിദ്യാർഥികൾക്കുണ്ടെന്നും ജസ്റ്റിസ് ഹേമന്ത് ഗുപ്ത വിധിച്ചു. മതേതരത്വം എല്ലാ പൗരന്മാർക്കും ബാധകമാണ്. എന്നാൽ ഒരു മത സമൂഹത്തെ മാത്രം അവരുടെ വസ്ത്രങ്ങളും, മതചിഹ്നങ്ങളും ധരിക്കാൻ അനുവദിക്കുന്നത് മതേതരത്വത്തിന് വിരുദ്ധമാകുമെന്ന് ജസ്റ്റിസ് ഹേമന്ത് ഗുപ്തയുടെ വിധി പ്രസ്താവം. യൂണിഫോം തുല്യതയും സമത്വവും ഉറപ്പാക്കാൻ സഹായിക്കുമെന്നും ജസ്റ്റിസ് ഹേമന്ത് ഗുപ്ത വിധിൽ പറയുന്നു. ഹിജാബ് നിരോധന ഉത്തരവ് വഴി പെൺകുട്ടികളുടെ വിദ്യാഭ്യാസം തടയുന്നുമെന്ന് പറയാനാകില്ല.

എന്നാൽ ഇന്ത്യയുടെ വൈവിധ്യം ഊട്ടിയുറപ്പിക്കേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് മാറ്റാൻ പറയുന്നത് അന്തസ്സിനു നേരെയുള്ള ആക്രമണമെന്നാണ് ജസ്റ്റിസ് സുധാൻഷു ധൂലിയ തന്റെ വിധിയിൽ വ്യക്തമാക്കുന്നത്. ഇത് സ്വകാര്യതയിലുള്ള കടന്നു കയറ്റമാണ്. മതേതര വിദ്യാഭ്യാസത്തിന്റെ ലംഘനമാണെന്നും വിധിയിൽ പറയുന്നു. പെൺകുട്ടികളുടെ പഠനം ഉറപ്പാക്കലാണ് പ്രധാനമെന്ന് വിധി പറയുന്ന ജസ്റ്റിസ് ധൂലിയ ഹിജാബ് പല പെൺകുട്ടികൾക്കും പഠിക്കാനുള്ള ടിക്കറ്റാണ് ഇതില്ലെങ്കിൽ യാഥാസ്ഥിതിക കുടുംബങ്ങൾ സ്കൂളിൽ വിടില്ലെന്നും വിധിയിൽ പരാമാർശിക്കുന്നുണ്ട്.



പ്രശാന്ത് കുമാർ മാഡലിന്റെ വീട്ടിൽ നടന്ന ലോകായുക്ത റെയ്ഡിൽ നിന്ന്

## കർണാടക സോപ്സിന്റെ പേരിൽ കൈക്കൂലി: ഐ. എ. എസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ

ബംഗളൂരു: കർണാടക സോപ്സിന്റെ പേരിൽ കോൺട്രാക്ടറിൽ നിന്ന് 40 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ ഐ.എ.എസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ. ബി.ജെ.പി എം.എൽ.എയായ കർണാടക സോപ്സിന്റെ ചെയർമാൻ മാഡൽ വിരൂപാക്ഷപ്പയുടെ മകൻ പ്രശാന്ത് കുമാർ മാഡലാണ് അറസ്റ്റിലായത്. കേസിൽ എം.എൽ.എയെ ഒന്നാം പ്രതിയാക്കി ലോകായുക്ത കേസെടുത്തിട്ടുണ്ട്. എം.എൽ.എയുടെ മകനും ഐ.എ.എസ് ഓഫീസറുമായ മാഡൽ പ്രശാന്ത് കുമാർ രണ്ടാം പ്രതിയാണ്. ഇവരുടെ വീട്ടിൽ നിന്നും ആറ് കോടി രൂപയും പിടിച്ചെടുത്തു. ആറ് പ്രതികളാണ് കേസിലാകെയുള്ളത്. ഓഫീസ് അക്കൗണ്ടന്റ് സുരേന്ദ്ര മൂന്നാം പ്രതിയാണ്. ഇവർക്കൊപ്പം ഇടപാടിന് ഇടനില നിന്ന മാഡൽ വിരൂപാക്ഷപ്പയുടെ ബന്ധു സിദ്ധേഷ്, കർണാടക അരോമാസ് കമ്പനിയെന്ന കർണാടക സോപ്സിന്റെ സഹസ്ഥാപനത്തിലെ ജീവനക്കാരായ ആൽബർട്ട് നിക്കോളാസ്, ഗംഗാധർ എന്നിവരാണ് മൂന്നും നാലും അഞ്ചും പ്രതികൾ.

# പണ്ഡിതർക്ക് വലിയ സാമൂഹിക ദൗത്യം നിർവഹിക്കാനുണ്ട്: കാന്തപുരം

## മർകസ് സമ്മേളനത്തിന് പരിസമാപ്തി; കർമവീഥിയിലേക്ക് 532 സഖാഫി പണ്ഡിതർ

കോഴിക്കോട്: മർകസ് 45ാം വാർഷിക സമ്മേളനത്തിന് ഉജ്ജ്വല പരിസമാപ്തി. ശുഭ്രവസ്ത്രധാരികളായ പതിനായിരങ്ങൾ സംഗമിച്ച വേദിയിൽ മർകസിൽ മതപഠനം പൂർത്തിയാക്കി സേവനത്തിറങ്ങുന്ന 532 സഖാഫി പണ്ഡിതർക്ക് ബിരുദം സമ്മാനിച്ചു. ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഈ വർഷത്തെ ബിരുദദാരികൾ. സനദ് ദാന സമ്മേളനത്തിൽ മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ മുഖ്യപ്രഭാഷണം നടത്തി. മുസ്ലിം വൈജ്ഞാനിക പാരമ്പര്യത്തെ സൂക്ഷ്മമായി പഠിച്ചു പ്രവർത്തനമണ്ഡലത്തിലേക്കിറങ്ങുന്ന പണ്ഡിതർക്ക് വലിയ സാമൂഹിക കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഹൃദയ വിശുദ്ധിയും ദൈവ ഭക്തിയും മതത്തിന്റെ പ്രധാനപ്പെട്ട ഭാവങ്ങളാണ്. കരുണ, സഹജീവി സ്നേഹം, ഉദാരത തുടങ്ങി വിശേഷപ്പെട്ട സ്വഭാവങ്ങൾക്ക് ഉടമകളാകണം എല്ലാവരും. ഇസ്ലാം എപ്പോഴും ഊന്നിപ്പറയുന്നത് കാരുണ്യത്തെകുറിച്ചാണ്. ആ സന്ദേശങ്ങളാണ് മർകസ് നാലര പതിറ്റാണ്ടായി ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും കാന്തപുരം പറഞ്ഞു. മുഹമ്മദ് നബിയുടെ ജീവിതം ലോകത്ത് ഏറ്റവും വിശിഷ്ടമായി സ്മരിക്കുന്ന തരത്തിലാണ്. അല്ലാഹുവിന്റെ എല്ലാ പ്രകീർത്തനങ്ങളും നബിയെ മാതൃകാമഹോന്നതനാക്കി രൂപപ്പെടുത്തുന്ന വിധത്തിലായിരുന്നു. നബിയിലൂടെ പകർന്നുനൽകപ്പെട്ട മൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാവിലെ പത്തിന് ആരംഭിച്ച പണ്ഡിത സംഗമത്തോടെയാണ് മർകസ് സമ്മേളന പരിപാടികൾക്ക് തുടക്കം കുറിച്ചത്. സമസ്ത കേരള ജംഇയ്യതുൽ ഉലമ സെക്രട്ടറി സയ്യിദ് ഇബ്രാഹീമുൽ ഖലീൽ അൽ ബുഖാരി സംഗമം ഉദ്ഘാടനം ചെയ്തു. ആധുനിക വാർത്താ വിനിമയ മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നത് അപകടകരമാണെന്നും നിർമിത ബുദ്ധിയിലധിഷ്ഠിതമായ പുതിയ സാങ്കേതികവിദ്യകളിൽ പണ്ഡിതന്മാർ കൃത്യമായി ഇടപെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോടമ്പുഴ ബാവ മുസ്ലിയാർ, അബ്ദുൽ ജലീൽ സഖാഫി ചെറുശ്ശോല പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ മർകസ് സ്ഥാപന മേധാവികളും പ്രവർത്തകരും പങ്കെടുത്ത നാഷണൽ എമിനൻസ് മീറ്റ്, പന്ത്രണ്ടായിരത്തോളം വരുന്ന സഖാഫി പണ്ഡിതരുടെ കൗൺസിൽ, ശൈഖ് സായിദ് പീസ് കോൺഫറൻസ് തുടങ്ങിയ വിവിധ പരിപാടികൾ സമ്മേളനത്തിന്റെ ഭാഗമായി നടന്നു. തമിഴ്നാട് ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി ജിൻജി കെ.എസ് മസ്താൻ പീസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. എ.എം ആരിഫ് എംപി, രമേശ് ചെന്നിത്തല, അഡ്വ. ഹാജി മുഈനുദ്ദീൻ ചിശ്തി, എ.എ ഹകീം നഹ, ഹസ്റത്ത് മഹ്ദി മിയ ചിശ്തി സംബന്ധിച്ചു.വൈകീട്ട് അഞ്ചിന് ആരംഭിച്ച സനദ്ദാന ആത്മീയ സമാപന സമ്മേളനം സമസ്ത പ്രസിഡന്റ് ഇ. സുലൈമാൻ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. ഡയരക്ടർ ജനറൽ സന്ദേശ പ്രഭാഷണം നടത്തി. കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ സനദ് ദാന പ്രഭാഷണം നടത്തി. സയ്യിദ് അലി ബാഫഖി, സയ്യിദ് ഫസൽ കോയമ്മ തങ്ങൾ, കോട്ടൂർ കുഞ്ഞമ്മു മുസ്ലിയാർ, സയ്യിദ് ഇബ്രാഹീമുൽ ഖലീൽ അൽ ബുഖാരി, പൊന്മള അബ്ദുൽ ഖാദിർ മുസ്ലിയാർ, അല്ലാമ മന്നാൻ റസാ മന്നാനി മിയാൻ, മൗലാനാ അബ്ദുൽ ഖാദിർ അലവി, സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം, കെ.കെ അഹ്മദ്കുട്ടി മുസ്ലിയാർ കട്ടിപ്പാറ, വി.പി.എം ഫൈസി വില്യാപള്ളി, കെ.പി മുഹമ്മദ് മുസ്ലിയാർ കൊമ്പം, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, പി. ഹസൻ മുസ്ലിയാർ വയനാട്, പേരോട് അബ്ദുറഹ്മാൻ സഖാഫി, അബൂ ഹനീഫൽ ഫൈസി തെന്നല, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ഡോ.ഹുസൈൻ സഖാഫി ചുള്ളിക്കോട്, ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി, പ്രൊഫ.എ.കെ അബ്ദുൽ ഹമീദ്, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, സയ്യിദ് ത്വാഹ തങ്ങൾ സഖാഫി, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, മജീദ് കക്കാട്, സി.പി ഉബൈദുല്ല സഖാഫി, ഫിർദൗസ് സഖാഫി കടവത്തൂർ സംബന്ധിച്ചു. സാമൂഹിക പ്രവർത്തനങ്ങളാൽ ശ്രദ്ധേയരായ അബ്ദുസ്സലാം മുസ്ലിയാർ ദേവർശോല, ഡോ. മുഹമ്മദ് ഫാറൂഖ് നഈമി, സുലൈമാൻ സഖാഫി മാളിയേക്കൽ, അബ്ദുലത്തീഫ് സഖാഫി കാന്തപുരം, സുഹൈറുദ്ദീൻ നൂറാനി എന്നിവരെ ചടങ്ങിൽ ആദരിച്ചു. രാജ്യത്തിന്റെ വിവിധയിടങ്ങളിൽ നിന്നെത്തിയ ആയിരങ്ങൾ സമ്മേളനത്തിന്റെ ഭാഗമായി. കൊവിഡ് ഇടവേളക്ക് ശേഷം ഇതാദ്യമായാണ് മർകസിൽ ഇത്ര വലിയ സമ്മേളനം നടക്കുന്നത്.



മർകസ് സമ്മേളന സമാപനത്തെ സംബോധന ചെയ്ത് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ സംസാരിക്കുന്നു

# കടലും നഗരവും കാണാനെത്തി ലൗ ഷോറിലെ വിദ്യാർഥികൾ

കോഴിക്കോട്: റോട്ടറി കാലിക്കറ്റ് സൈബർ സിറ്റിയുടെ ആഭിമുഖ്യത്തിൽ അരങ്ങ് കലാസാംസ്കാരിക വേദി പ്രവർത്തകരുടെ സഹകരണത്തോടെ പൊഴുതന ലൗ ഷോറിലെ ഭിന്നശേഷി വിദ്യാർഥികൾക്ക് നഗരവും കടലും കാണാൻ അവസരം ഒരുക്കി. റോട്ടറി സൈബർ സിറ്റി പ്രവർത്തകരും വിദ്യാർഥികൾക്ക് ബീച്ചിൽ സ്വീകരണം നൽകി. ലൗ ഷോർ വിദ്യാലയത്തിലെ 35 ഭിന്നശേഷി വിദ്യാർഥികൾക്കാണ് വിനോദയാത്ര ഒരുക്കിയത്. വൈത്തിരി ,പൊഴുതന, തരിയോട്, വെങ്ങാപ്പള്ളി പഞ്ചായത്തുകളിലെ തോട്ടം മേഖലകളിൽ ജോലി ചെയ്ത് വരുന്ന കുടംബങ്ങളിലുള്ള കുട്ടികളാണ് ലൗ ഷോറിൽ പഠിക്കുന്നത്. ആറ് വയസ് മുതൽ 48 വയസ് വരെയുള്ള ഭിന്നശേഷിക്കാരാ വിദ്യാർഥികളാണ് യാത്രയിൽ പങ്കെടുത്തത്. രാവിലെ ഏഴിന് യാത്ര പുറപ്പെട്ട സംഘം പ്ലാനറ്റോറിയവും കാപ്പാട് ബീച്ചും ,കോഴിക്കോട് ബീച്ചും മതിയോളം കണ്ടാസ്വദിച്ച് വൈകീട്ടോടെ യാത്ര തിരിച്ചു. വിദ്യാർഥികൾക്കൊപ്പം അവരുടെ രക്ഷിതാക്കളും അധ്യാപകരും അരങ്ങ് കലാസാംസ്കാരിക വേദി പ്രവർത്തകരും അനുഗമിച്ചു. അവശകലാകാരൻമാരേയും ഭിന്നശേഷി വിദ്യാർഥികളേയും കാൻസർ ബാധിതരേയും സഹായിക്കുന്നതിന് അരങ്ങിന്റെ നേതൃത്വത്തിൻ നടന്ന് വരുന്ന സാന്ത്വനം പദ്ധതിയുടെ ഭാഗമായാണ് വിനോദയാത്ര സംഘടിപ്പിച്ചത്. വസ്ത്രങ്ങൾ, ഭക്ഷണ കിറ്റുകൾ, ധനസഹായം എന്നിവ മൈജി ചെയർമാൻ എ.കെ ഷാജി വിതരണം ചെയ്തു. ബീച്ചിൽ നൽകിയ സ്വീകരണത്തിൽ റോട്ടറി സൈബർ സിറ്റി പ്രസിഡന്റ് അബ്ദുൽ ജലീൽ ഇടത്തിൽ അധ്യക്ഷത വഹിച്ചു.

മൈജി ചെയർമാൻ എ.കെ.ഷാജി, റോട്ടറി ഗവർണർ ഇലക്ട് ഡോ. സേതു ശിവശങ്കർ , അസിസ്റ്റന്റ് ഗവർണർ എം.എം ഷാജി, പ്രസിഡന്റ് ഇലക്ട് സി.എസ് സവീഷ് കെ.വി പ്രസംഗിച്ചു. പാസ്റ്റ് പ്രസിഡന്റ് സന്നാഫ് പാലക്കണ്ടി സ്വാഗതവും കെ സ്മിത നന്ദിയും പറഞ്ഞു. അരങ്ങ് കലാസാംസ്കാരിക വേദി ചെയർമാൻ കെ.കെ.അലി കിഴക്കോത്ത്, കൺവീനർ അഷ്റഫ് വാവാട് , ട്രഷറർ ടി.പി. അബ്ദുൽ മജീദ്, എ.കെ.അഷ്റഫ് തുടങ്ങിയവർ യാത്രക്ക് നേതൃത്വം നൽകി.



അരങ്ങ് കലാസാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ വയനാട് പൊഴുതന ലൗ ഷോറിലെ ഭിന്നശേഷി വിദ്യാർഥികൾക്ക് സംഘടിപ്പിച്ച വിനോദയാത്രയയുടെ ഭാഗമായി വിദ്യാർഥികൾ കോഴിക്കോട് ബീച്ച് സന്ദർശിച്ചപ്പോൾ

## മുംബൈ വിമാനത്താവളത്തിൽ ഗൂഗിൾ പേ വഴി കൈക്കൂലി; 34 കസ്റ്റംസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി

മുംബൈ: മലയാളി അടക്കമുള്ള യാത്രക്കാരിൽ നിന്ന് ഭീഷണിപ്പെടുത്തി ഗൂഗിൾ പേ വഴി കൈക്കൂലി വാങ്ങിയ സംഭവത്തിൽ മുംബൈ വിമാനത്താവളത്തിലെ 34 കസ്റ്റംസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി. സംഭവത്തിൽ കസ്റ്റംസ് സൂപ്രണ്ട് അടക്കമുള്ളവരെ സി.ബി.ഐ അറസ്റ്റ് ചെയ്തിരുന്നു. മുംബൈ വിമാനത്താവളത്തിൽ ഗൂഗിൾ പേ ഉപയോഗിച്ച് കസ്റ്റംസ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയത് വലിയ വാർത്തയായിരുന്നു. വിദേശത്ത് നിന്ന് വരുന്ന യാത്രക്കാരെ കസ്റ്റംസ് ഡ്യൂട്ടിയുടെ പേര് പറഞ്ഞ് ഭീഷണിപ്പെടുത്തി പണം തട്ടുന്ന കസ്റ്റംസ് ഉദ്യോഗസ്ഥരെയാണ് കഴിഞ്ഞ മാസം സി.ബി.ഐ പിടികൂടിയത്.



രണ്ട് കസ്റ്റംസ് സൂപ്രണ്ടുമാർ, ഒരു കസ്റ്റംസ് ഇൻസ്പെക്ടർ, ഹവിൽദാർ എന്നിങ്ങനെ നാല് ഉദ്യോഗസ്ഥരെയാണ് സി.ബി.ഐ അറസ്റ്റ് ചെയ്തത്. മൂന്ന് സംഭവങ്ങളിലായി 42000 രൂപ കസ്റ്റംസ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതായി സി.ബി.ഐ കണ്ടെത്തി. ഭീഷണിക്ക് ഇരയായവരിൽ ഒരു മലയാളിയും ഉണ്ട്. ഐ ഫോൺ കൈവശം വച്ചതിനാണ് ദുബായിൽ നിന്നെത്തിയ മലയാളിയെ ഭീഷണിപ്പെടുത്തി കസ്റ്റംസ് ഉദ്യോഗസ്ഥർ, 7000 രൂപ ഗൂഗിൾ പേ വഴി കൈവശപ്പെടുത്തിയത്.

## നാദാപുരത്ത് തൊഴിലുറപ്പ് പദ്ധതി മേറ്റ്മാരുടെ യോഗം സംഘടിപ്പിച്ചു

നാദാപുരം: തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം സംബന്ധിച്ച് ജില്ലാതല പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ പങ്കുവയ്ക്കുവാനും കൂടുതൽ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി തൊഴിലുറപ്പ് പദ്ധതി മാറ്റുമാരുടെ യോഗം സംഘടിപ്പിച്ചു. നീർത്തട വികസന പദ്ധതി, ലേബർ ബഡ്ജറ്റ്, അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിലെ പുതിയ ജീവനോപാധി പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ എന്നിവയിൽ ക്ലാസ് നൽകി.

മേറ്റ് സംഗമം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദ് ഉദ്ഘാടനം ചെയ്തു. തൂണേരി ബി.ഡി.ഒ ടി.ആർ ദേവികരാജ്, പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ്, ജോയിന്റ് ബി.ഡി.ഒ ജി. സ്വപ്ന, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് അസിസ്റ്റന്റ് എൻജിനീയർ അശ്വിൻ എ.ഇ, നവനീത് രാജഗോപാൽ എന്നിവർ സംസാരിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.